മത്സ്യസമ്പത്തും മത്സ്യം കയറ്റി അയയ്ക്കുന്നതിലൂടെയുള്ള വരുമാനവും

81 [1060] ശ്രീ. കെ. പി. രാജേന്ദ്രൻ:

" പി. നാരായണൻ:

" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യസമ്പത്ത് കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ ശാസ്ത്രീയമായി വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാനത്തുണ്ടായ മത്സ്യസമ്പത്ത് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇപ്പോൾ പ്രധാനമായും സംസ്ഥാനത്ത് ലഭിച്ചുവരുന്ന മത്സ്യം ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യം കയറ്റി അയയ്ക്കുന്നതിലൂടെ കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാനത്തിനുണ്ടായ വരുമാനം എത്രയെന്നും ആഭ്യന്തര ഉപയോഗത്തിലൂടെ എത്ര കോടി രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ട് എന്നും വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് മത്സ്യബന്ധനം നടത്തുന്നതിന് ഏതൊക്കെ സംവിധാനങ്ങളാണ് നിലനിൽക്കുന്നത്;

(എഫ്) വിദേശ ട്രോളറുകൾ എത്രയെണ്ണം നമ്മുടെ സമുദ്രാതിർത്തിക്കുള്ളിൽ എത്തിയിട്ടുണ്ട്;

(ജി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയമായി ഏതെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഫലമായി തൊഴിലവസരങ്ങളും, മത്സ്യസമ്പത്തും വർദ്ധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കണക്കാക്കിയിട്ടുണ്ട്.

(സി) നെയ്മത്തി, ചാളമത്തി, ഓലമത്തി, നെത്തൽ, മണങ്ങ്, കലവ, അയല, ചൂര, കോര, കൊഞ്ച്, കണവ, ഞണ്ട് ഇനങ്ങളിൽപ്പെട്ട മത്സ്യങ്ങളാണ് ലഭിച്ചുവരുന്നത്.

(ഡി) മത്സ്യം കയറ്റുമതിയിലൂടെ കഴിഞ്ഞ മൂന്ന് വർഷമായി 3090.26 കോടി രൂപയുടെ വരുമാനം ഉണ്ടായി. ആഭ്യന്തര ഉപഭോഗത്തിനായി 4275 കോടി രൂപ മൂല്യമുള്ള മത്സ്യം പിടിച്ചെടുത്തതായി കണക്കാക്കുന്നു.

(ഇ) കട്ടമരം, നാടൻ തോണികൾ, ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾ, ഇൻബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾ, യന്ത്രവൽകൃത ബോട്ടുകൾ തുടങ്ങിയവ.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉണ്ട്. കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം, മൺസൂൺ ട്രോളിംഗ് നിരോധനം, 35 എം.എം.-നു താഴെ കണ്ണി വലുപ്പമുള്ള വലകളുടെ നിരോധനം, പഴ്സ് സീൻ, റീംഗ് സീൻ, പെലാജിക് ട്രോൾ, മിഡ്വാട്ടർ ട്രോൾ എന്നീ വലകളുടെ നിരോധനം. കൃത്രിമപാര് നിർമ്മാണം, കാര, നാരൻ തുടങ്ങിയ വാണിജ്യ പ്രാധാന്യമുള്ള ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചുള്ള സീറാഞ്ചിംഗ് പദ്ധതി എന്നിവ നടപ്പാക്കിയതിന്റെ ഫലമായി തൊഴിലവസരങ്ങളും മത്സ്യ സമ്പത്തും വർദ്ധിച്ചിട്ടുണ്ട്.

മത്സ്യക്കയറ്റുമതിയിലൂടെയുള്ള വരുമാനം

82 [1061] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
„ കെ. എൻ. എ. ഖാദർ:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ പി. കെ. അബ്ദുറബ്ബ്:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യക്കയറ്റുമതിയിൽ വർദ്ധനവ് ഉണ്ടായതായി കണക്കാക്കിയിട്ടുണ്ടോ;

(ബി) 2002-03, 2003-04 വർഷങ്ങളിൽ കയറ്റി അയച്ച മത്സ്യം എത്ര തുകയ്ക്ക് ഉള്ളതായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കയറ്റുമതി വർദ്ധപ്പിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കയറ്റുമതി ചെയ്യുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) 2140 കോടി രൂപ.

(സി) 1. കേന്ദ്ര സർക്കാർ സ്ഥാപനമായ മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രീസ് (എം. ഒ. എഫ്. പി. ഐ.) മത്സ്യ സംസ്ക്കരണ ശാലകളുടെ നവീകരണത്തിന് ഗ്രാന്റ് അനുവദിച്ചുവരുന്നുണ്ട്.

2. എം. പി. ഇ. ഡി. എ., കിൻഫ്ര (കെ. ഐ. എൻ. എഫ്. ആർ. എ.) എന്നിവ സംയുക്തമായി സംസ്ഥാനത്ത് മത്സ്യസംസ്ക്കരണശാല അലപ്പുഴ ജില്ലയിലെ അരൂരിൽ സ്ഥാപിച്ചുവരുന്നു. ടി സ്ഥാപനങ്ങൾ സംയുക്തമായി 500 ലക്ഷം രൂപ മുടക്കി എം.ഐ.ഡി.സി.ഒ.എൽ.പി. ലിമിറ്റഡ് (മിഡ് കോൺ ലിമിറ്റഡ്) എന്ന സ്ഥാപനം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 10 മത്സ്യോൽപ്പന്ന സംസ്ക്കരണശാലകൾ ചേർന്ന് സീ ഫുഡ് പാർക്ക് ഇൻഡ്യാ ലിമിറ്റഡ് എന്ന സ്ഥാപനം രൂപീകരിച്ച് മിഡ് കോണുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നു.

(ഡി) പരിശീലന പരിപാടികൾ സംഘടിപ്പിച്ചും ആന്റി ബയോട്ടിക്കുകളുടെ പരിശോധനയ്ക്ക് ലാബുകൾ സ്ഥാപിച്ചും തുറമുഖങ്ങൾ നവീകരിച്ചും പ്രീപ്രോസസ്സിംഗ് സെന്ററുകൾ നവീകരിച്ചും ഗുണനിലവാരത്തെ സംബന്ധിച്ച് നോട്ടീസ് സ്ഥാപനങ്ങൾക്ക് നൽകിയും ഗുണനിലവാരം ഉറപ്പാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly